# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2128 — 07.12.2015 ന് മറുപടിയ്ക്ക്.

## നാട്ടാനകളുടെ പരിപാലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും. സിനിമയും വകുപ്പമന്ത്രി) |
| (എ) നാട്ടാനകളുടെ പരിപാലനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) നാട്ടാനകളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പരിഷ്കരിച്ച് 18/12/2012 ൽ ജി.ഒ(പി)നമ്പർ 119/12/വനം പ്രകാരം ഉത്തരവായിരുന്നു. കൂടാതെ 21.01.2012 ലെ ജി.ഒ(പി)നം.03/2012/വനം നമ്പർ ഉത്തരവ് പ്രകാരം ഉത്സവാഘോഷങ്ങൾക്കും, പൊതുപരിപാടികൾക്കും ആനകളെ എഴുന്നെള്ളിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ രേഖകൾ അംഗീകരിച്ച് ഉത്തരവായിരുന്നു. മേൽ ചട്ടങ്ങളിലും, മാർഗ്ഗ രേഖകളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികൾ നാട്ടാന പരിപാലനത്തിനായി സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ബഹുമാനപ്പെട്ട സുപ്രീം കോടതി WP(C)743/14-ാം നമ്പർ കേസ്സിൽ 2015 ൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) കേരളാ എലിഫന്റ് വെൽഫെയർ ബോർഡ് സ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ; | (ബി) കേരളാ എലിഫന്റ് വെൽഫെയർ ബോർഡിന്റെ കരട് റൂൾ അടുത്ത സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ മീറ്റിംഗിൽ വെയ്ക്കുന്നതിനായി തീരുമാനിച്ചിരിക്കുകയാണ്. |
| (സി) ആനകളുടെ ചികിത്സയ്ക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ; | (സി) സർക്കാരിൽ ഇത് സംബന്ധിച്ച ശുപാർശകൾ നിലവിലില്ല. |
| (ഡി) ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്കുള്ള രജിസ്ട്രേഷൻ നടപടികളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്കായുള്ള രജിസ്ട്രേഷന്റെ ചുമതല 21.08.2015 ലെ സർക്കുലർ നം.3/15 പ്രകാരം കേരളാ നാട്ടാന പരിപാലന ചട്ടത്തിലെ റൂൾ 10 പ്രകാരം നടപടി സ്വീകരിക്കുവാൻ ജില്ലാതല കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ